പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1007** **12/06/2014-ൽ മറുപടിക്ക്**

സൗജന്യ സ്കൂൾ യൂണിഫോം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം നൽകിയ വകയിൽ 2013-14 സാമ്പത്തിക വർഷം എത്ര തുക ചെലവഴിച്ചു; | (എ) സർക്കാർ സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന എ.പി.എൽ വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള കുട്ടികൾക്ക് 2013-14 വർഷം സൗജന്യ യൂണിഫോം വിതരണം ചെയ്തവകയിൽ 29.5813 കോടി രൂപ ചെവഴിച്ചിട്ടുണ്ട്. എയ്ഡഡ് മേഖലയിലേക്ക് 50 കോടിയുടെ അലോട്ട്മെന്റ് 14 വിദ്യാഭ്യാസ ഉപഡയറക്ടർ മാർക്ക് അനുവദിച്ചിട്ടുണ്ട്. |
| (ബി) യൂണിഫോം എന്നാണ് സ്കൂളുകളിൽ ലഭ്യമാക്കിയത്; | (ബി) 2013-14-ലെ ഈ ബൃഹത് പദ്ധതി സംസ്ഥാനത്തെ ആദ്യ സംരംഭം എന്ന നിലയ്ക്ക് നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിൽ കാലതാമസം വന്നതിനാൽ യൂണിഫോം വിതരണം നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. |
| (സി) എത്ര വിദ്യാർത്ഥികൾക്ക് സൗജന്യമായി യൂണിഫോം നൽകി; | (സി) എയ്ഡഡ് മേഖലയിലെ ഏകദേശം 13 ലക്ഷത്തോളം കുട്ടികൾക്കും ഗവൺമെന്റ് മേഖലയിലെ ഏഴര ലക്ഷത്തോളം കുട്ടികൾക്കും സൗജന്യ യൂണിഫോം പദ്ധതിയിൽ പ്രയോജനം ലഭിച്ചിട്ടുണ്ട്. |
| (ഡി) 2014-15 വർഷത്തിൽ എത്ര കുട്ടികൾക്ക് സൗജന്യമായി യൂണിഫോം നൽകാനാണ് ലക്ഷ്യമിടുന്നത്; | (ഡി) എയ്ഡഡ് മേഖലയിലെ 13,64,440 കുട്ടികൾക്കും ഗവൺമെന്റ് മേഖലയിലെ 7,29,734 കുട്ടികൾക്കും സൗജന്യ യൂണിഫോം നൽകാനാണ് ലക്ഷ്യമിടുന്നത്. |

| | | | |
|---|---|---|---|
| (ഇ) | അതിനായി എത്ര തുക നീക്കി വച്ചിട്ടുണ്ട്; | (ഇ) | 2014-15 അദ്ധ്യയന വർഷത്തേയ്ക്ക് സർക്കാർ സ്കൂളുകളിൽ യൂണിഫോം വിതരണം ചെയ്യുന്നതിനായി 31.2177 കോടി രൂപ കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം അനുവദിച്ചിട്ടുണ്ട്. എയ്ഡഡ് മേഖലയിൽ 13,64,440 കുട്ടികൾക്ക് യൂണിഫോം വിതരണം ചെയ്യുന്നതിന് ഏകദേശം 55 കോടി രൂപ വകകൊള്ളിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| (എഫ്) | 2014 ജൂൺ 15-നകം യൂണിഫോം വിതരണം ചെയ്യുവാൻ കഴിയുമോ; വിശദമാക്കാമോ ? | (എഫ്) | 2014 ജൂൺ 15-നകം യൂണിഫോം വിതരണം ചെയ്യാൻ സാധിക്കുന്നതല്ല. നടപടിക്രമങ്ങൾ പൂർത്തിയാക്കി അദ്ധ്യയന വർഷാരംഭത്തിൽ തന്നെ യൂണിഫോം വിതരണം ചെയ്യുന്നതിനുള്ള സത്വര നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ